**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2102** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>പ്രവാസി ക്ഷേമനിധി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. മോഹനൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും ലഭിക്കുന്ന ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംഗത്വമനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.

**(ബി)** അംശാദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തി അംഗത്വം നഷ്ടപ്പെടുന്നവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** അംശദായ അടവിൽ ഒരു വർഷമോ അതിലധികമോ മുടക്കം വരുത്തിയതിനാൽ അംഗത്വം സ്വമേധയാ റദ്ദായവർക്ക് അംശദായ കുടിശ്ശികയും പലിശയും, പിഴപലിശയും പെൻഷൻ തീയതിയ്ക്ക് മുമ്പ് ഓൺലൈനായി അടച്ച് അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്.

**(സി)** വിവിധ കാരണങ്ങളാൽ സമയപരിധിക്കുള്ളിൽ പെൻഷൻ അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത അംഗങ്ങൾക്ക് മാനുഷിക പരിഗണന നൽകിക്കൊണ്ട് അപേക്ഷിക്കാൻ ഒരു അവസരം കൂടി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** കുടിശ്ശികകളൊന്നും ഇല്ലാതെ പെൻഷന് അർഹത നേടുന്ന പ്രവാസി ക്ഷേമനിധി അംഗങ്ങൾക്ക് സമയപരിധിയില്ലാതെ പെൻഷൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം</u>**

## <u>പ്രവാസി ക്ഷേമനിധി അംഗത്വം</u>

### അംഗത്വമെടുക്കാനുള്ള യോഗ്യതകൾ

1. അപേക്ഷകൻ 18 നും 60 നും മധ്യേ പ്രായമുള്ളയാളായിരിക്കണം.
2. അപേക്ഷകർ വിദേശത്ത് ജോലി ചെയ്യുന്നവർ ആയിരിക്കണം (1 എ വിഭാഗം)
3. അല്ലെങ്കിൽ വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്ത ശേഷം കേരളത്തിൽ സ്ഥിര താമസമാക്കിയവരായിരിക്കണം (1 ബി വിഭാഗം)
4. അല്ലെങ്കിൽ ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ജോലി സംബന്ധമായി കുറഞ്ഞത് 6 മാസമായി താമസിച്ചു വരുന്നവരായിരിക്കണം. (2 എ വിഭാഗം)

ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.pravasikerala.org ൽ നിന്നും ഓൺലൈൻ വഴി അംഗത്വമെടുക്കാവുന്നതാണ്. ഓരോ വിഭാഗത്തിനും പ്രത്യേകം അപേക്ഷകൾ ആണ്. ഓൺലൈൻ വഴി അംഗത്വമെടുക്കുമ്പോൾ ആവശ്യമായ രേഖകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസായ 200 രൂപയും ഓൺ ലൈൻ വഴി അടയ്ക്കാവുന്നതാണ്. ഇത്തരത്തിൽ പൂർണ്ണരേഖകളും ഫീസും സമർപ്പിച്ച അപേക്ഷകർക്ക് അംഗത്വ കാർഡും അംശദായ അടവ് കാർഡും സ്വന്തമായി തന്നെ പ്രിന്റ് ചെയ്തെടുത്ത് അംശദായം അടയ്ക്കാവുന്നതാണ്.

### <u>അംഗത്വ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ:</u>

### <u>വിദേശത്ത് ജോലി ചെയ്യുന്നവർ (പ്രവാസി കേരളീയൻ-വിദേശം)</u>

1. ഫോം നമ്പർ 1 എ
2. പാസ്പോർട്ടിലെ ജനനതീയതി, മേൽ വിലാസ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. പ്രാബല്യത്തിലുള്ള വിസയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. പാസ്പോർട്ട് സൈസ് ഫോട്ടോ.

### <u>വിദേശത്തു നിന്ന് തിരിച്ചു വന്നവർ (മുൻ പ്രവാസി കേരളീയൻ-വിദേശം)</u>

1. ഫോം നമ്പർ 1 ബി
2. പാസ്പോർട്ടിലെ ജനനതീയതി, മേൽ വിലാസ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. വിദേശത്ത് 2 വർഷത്തിൽ കുറയാത്ത കാലയളവിൽ താമസിച്ചതിന് തെളിവായി പാസ്പോർട്ടിൽ സ്റ്റാമ്പ് ചെയ്ത വിസാ പേജുകളുടെ പകർപ്പ് (ആദ്യ വിസയുടെയും അവസാന വിസയുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്).
4. 2 വർഷത്തിൽ കൂടുതൽ പ്രവാസി കേരളീയനായിരുന്നുവെന്നും തിരിച്ചു വന്ന് ഇപ്പോൾ കേരളത്തിൽ സ്ഥിര താമസമാണെന്നും തെളിയിക്കുന്ന ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/

തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി / പ്രസിഡന്റ് /ഒരു ഗസറ്റഡ് ഓഫീസർ / നിയമ സഭാംഗം / പാർലമെന്റ് അംഗം / പ്രവാസി ക്ഷേമ ബോർഡ് ഡയറക്ടർ ഇവരിൽ ആരിൽ നിന്നെങ്കിലും ഉള്ള സാക്ഷ്യ പത്രം.
5. പാസ്പോർട്ട് സൈസ് ഫോട്ടോ.

**<u>ഇന്ത്യയിൽ മറ്റ സംസ്ഥാനങ്ങളിൽ താമസിക്കുന്നവർ (പ്രവാസി കേരളീയൻ-ഭാരതം)</u>**

1. ഫോം നമ്പർ 2 എ
2. പാസ്പോർട്ടിലെ ജനനതീയതി, മേൽ വിലാസ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. അപേക്ഷകൻ കേരളത്തിനു പുറത്ത് ഇന്ത്യയിൽ 6 മാസത്തിലധികമായി താമസിക്കുന്ന പ്രവാസി കേരളീയനാണെന്ന് തെളിയിക്കുന്ന ബന്ധപ്പെട്ട സംസ്ഥാനത്തെ വില്ലേജ് ഓഫീസർ / തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി / പ്രസിഡന്റ് /ഒരു ഗസറ്റഡ് ഓഫീസർ / നിയമ സഭാംഗം / പാർലമെന്റ് അംഗം / ഇവരിൽ ആരിൽ നിന്നെങ്കിലും ഉള്ള സാക്ഷ്യ പത്രമോ ബോർഡ് നിശ്ചയിക്കുന്ന വിധമുള്ള രേഖയോ ഹാജരാക്കണം.
4. കേരളത്തിനു പുറത്ത് ഇന്ത്യയിൽ എവിടെയെങ്കിലും തൊഴിൽ ചെയ്യുകയാണെങ്കിൽ അത് സംബന്ധിച്ചും ഏതെങ്കിലും വ്യവസായം/ ബിസിനസ്സ് സ്ഥാപനം നടത്തുകയാണെങ്കിൽ അത് സംബന്ധിച്ചും സ്വയം തൊഴിൽ ചെയ്യുകയാണെങ്കിൽ അത് സംബന്ധിച്ചും അല്ലെങ്കിൽ എന്തിനുവേണ്ടിയാണ് താമസിക്കുന്നത് എന്നത് സംബന്ധിച്ചും ബന്ധപ്പെട്ട സംസ്ഥാനത്തെ തൊഴിലുടമയിൽ നിന്നോ സ്ഥാപന അധികാരിയിൽ നിന്നോ വില്ലേജ് ഓഫീസിൽ നിന്നോ തത്തുല്യ പദവിയിൽ കുറയാത്ത മറ്റേതെങ്കിലും അധികാരിയിൽ നിന്നോ ഉള്ള സാക്ഷ്യ പത്രമോ ബോർഡ് നിശ്ചയിക്കുന്ന രേഖകളോ ഹാജരാക്കണം.
5. കേരളീയൻ ആണെന്ന് തെളിയിക്കുന്നതിന് കേരള വിലാസം ഉള്ള ജനന സർട്ടിഫിക്കറ്റോ സ്കൂൾ സർട്ടിഫിക്കറ്റോ ബോർഡ് നിശ്ചയിക്കുന്ന രേഖകളോ ഹാജരാക്കണം.
6. പാസ്പോർട്ട് സൈസ് ഫോട്ടോ.

**<u>ക്ഷേമ നിധി അംഗങ്ങൾക്ക് താഴെപറയുന്ന ആനുകൂല്യങ്ങളാണ് പ്രവാസി ക്ഷേമ ബോർഡിൽ നിന്നും നൽകി വരുന്നത്.</u>**

**1. പെൻഷൻ**

അറുപത് വയസ്സ് പൂരത്തിയായതും, അഞ്ചവർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശാദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) – (1 എ) അംഗത്തിനും 3500 രൂപയും, ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) –(1 ബി) അംഗത്തിനും പ്രവാസി കേരളീയൻ (ഭാരതം) –2 എ അംഗത്തിനും മൂവായിരം രൂപയും പ്രതിമാസ മിനിമം പെൻഷൻ അനുവദിച്ചു വരുന്നു. അഞ്ച് വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും ടി നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി അധിക പെൻഷനായി നൽകുന്നുണ്ട്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കവിയുന്നതല്ല.

(കാറ്റഗറി വ്യത്യാസമില്ലാതെ 2000/- രൂപയായി അനുവദിച്ചു വന്നിരുന്ന പ്രതിമാസ മിനിമം പെൻഷൻ 01.04.2022 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. 1എ വിഭാഗത്തിലുള്ള എല്ലാ പെൻഷൻക്കാർക്കും മിനിമം പെൻഷൻ 3500/-രൂപ ആയും 1ബി/2എ വിഭാഗത്തിലുള്ള എല്ലാ പെൻഷൻക്കാർക്കും മിനിമം പെൻഷൻ 3000/- രൂപയായും വർദ്ധിപ്പിച്ച് അനുവദിച്ചു വരുന്നുണ്ട്.)

**2. കുടുംബപെൻഷൻ**

പെൻഷൻ അർഹത നേടിയതിന് ശേഷം ഒരംഗം മരണമടയുന്ന പക്ഷം അംഗത്തിന്റെ കുടുംബാംഗങ്ങൾക്ക് പ്രതിമാസ കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. കുടുംബ പെൻഷൻ തുക ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപതു ശതമാനം ആയിരിക്കും.

**3. അവശതാ പെൻഷൻ**

തന്റെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശത മൂലം കഷ്ടത അനുഭവിക്കുന്നതും 60% അവശതയുണ്ടെന്ന മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം സമർപ്പിക്കുന്നവർക്കും ക്ഷേമനിധിയിൽ മൂന്നുവർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശദായമടച്ചിട്ടുള്ളതുമായ ഒരംഗത്തിന് അർഹതപ്പെട്ട പെൻഷൻ തുകയുടെ നാല്പതു ശതമാനത്തിനു തുല്യമായ തുക പ്രതിമാസ അവശതാ പെൻഷനായി ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

**4. മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം**

ഈ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) (1എ) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും വിദേശത്തു നിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) -(1ബി) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ (ഭാരതം) -(2എ) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കല്പിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**5 ചികിത്സാസഹായം**

ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വകാലയളവിൽ അമ്പതിനായിരം രൂപയെന്ന പരമാവധി പരിധിക്ക് വിധേയമായി ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**6. വിവാഹധനസഹായം**

കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ചുവരുന്നതോ വിവാഹത്തിനു മുമ്പായി മൂന്ന് വർഷത്തെ അംശദായം മുൻകൂറായി അടച്ചിട്ടുള്ളതോ ആയ അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടേയും വനിതാ അംഗങ്ങളുടേയും

വിവാഹച്ചിലവിനായി പതിനായിരം രൂപ ഒരംഗത്തിന് നിധിയിൽ നിന്നും ലഭിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**7. പ്രസവാനുകൂല്യം**

i)കല്പിതാംഗങ്ങൾ ഒഴികെയുള്ള രണ്ടുവർഷക്കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള ഒരു വനിതാ അംഗത്തിന് പ്രസവത്തിന് മൂവായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

ii)കല്പിതാംഗങ്ങൾ ഒഴികെയുള്ള ഗർഭം അലസൽ സംഭവിച്ച വനിതാ അംഗത്തിന് രണ്ടായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ, രണ്ട തവണ പ്രസവാനുകൂല്യമോ ഗർഭം അലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹതതയുണ്ടായിരിക്കുന്നതല്ല.

**8. വിദ്യാഭ്യാസ ആനുകൂല്യം**

രണ്ടുവർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശാദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് ഒരു കുട്ടിക്ക് എന്ന പരിധിക്ക് വിധേയമായി വിദ്യാഭ്യാസ ഗ്രാന്റിന് അർഹതയുണ്ടായിരിക്കുന്നതാണ്. ബോർഡ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം ഗ്രാന്റിന് അപേക്ഷ സമർപ്പിച്ചവർക്ക് കോഴ്സിനെ അടിസ്ഥാനപ്പെടുത്തി പരമാവധി നാലായിരം രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നുണ്ട്.